No. CEE/5500/2017/KEAM-2018/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## KEAM-2018

**നിശ്ചിത സമയത്തിനകം തിരികെ പ്രവേശനം നേടാത്തതിനാൽ ഒഴിവു വന്നേക്കാവുന്ന ബി.ഡി.എസ് സീറ്റുകൾ നികത്തുന്നതിനുള്ള മോപ്പ്-അപ്പ് കൗൺസലിംഗ് സെപ്റ്റംബർ 14-ന് നടത്തുന്നത് സംബന്ധിച്ച്**

മെഡിക്കൽ & അനുബന്ധ കോഴ്സുകളിലെ ആദ്യ രണ്ട് റൗണ്ട് അലോട്ട്മെന്റുകൾക്ക് ശേഷം ബി.ഡി.എസ് കോഴ്സിൽ പ്രവേശനം നേടിയിരുന്ന ചില വിദ്യാർത്ഥികൾക്ക് 2018 സെപ്റ്റംബർ 4, 5 തീയതികളിൽ നടന്ന മോപ്പ്-അപ്പ് കൗൺസലിംഗിൽ പുതിയ അലോട്ട്മെന്റ് നൽകുകയും പ്രവേശനം നേടുകയും ചെയ്തിരുന്നു. എന്നാൽ സെപ്റ്റംബർ 8, 9 തീയതികളിൽ നടന്ന പുന:ക്രമീകരിച്ച കൗൺസലിംഗിൽ പ്രസ്തുത അലോട്ട്മെന്റ് നഷ്ടമായിട്ടുണ്ടെങ്കിൽ അവർക്ക് ആദ്യം ലഭിച്ചിരുന്ന ബി.ഡി.എസ് കോഴ്സിലെ അഡ്മിഷൻ നിലനിർത്തുന്നതായും അപ്രകാരം ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് തിരികെ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 13.09.2018 ന് വൈകുന്നേരം 5 മണിയ്ക്ക് മുൻപായി അതാത് ഡെന്റൽ കോളേജുകളിൽ തിരികെ പ്രവേശനം നേടേണ്ടതാണ് എന്നും അറിയിച്ചിരുന്നു. കൂടാതെ സെപ്റ്റംബർ 4, 5 തീയതികളിൽ നടന്ന കൗൺസലിംഗിൽ ബഹു. കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതുതായി ഉൾപ്പെടുത്തിയ 4 സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടിയതും, 8, 9 തീയതികളിലെ കൗൺസലിംഗിൽ പുതിയ അലോട്ട്മെന്റ് ലഭിക്കാത്തതുമായ വിദ്യാർത്ഥികൾക്കും നേരത്തേ ബി.ഡി.എസ് കോഴ്സിൽ അഡ്മിഷൻ ഉണ്ടായിരുന്നെങ്കിൽ അത് നിലനിർത്തിയിട്ടുണ്ടെന്നും അത്തരം വിദ്യാർത്ഥികളും അവർ ആഗ്രഹിക്കുന്ന പക്ഷം 13.09.2018 വൈകുന്നേരം 5 മണിയ്ക്കകം നേരത്തേയുണ്ടായിരുന്ന ബി.ഡി.എസ് കോഴ്സിൽ തിരികെ പ്രവേശനം നേടേണ്ടതാണെന്നും അറിയിച്ചിരുന്നു. ഇത്തരത്തിൽ ആകെ 102 വിദ്യാർത്ഥികൾക്ക് നേരത്തേ അഡ്മിഷൻ ഉണ്ടായിരുന്ന ഡെന്റൽ കോളേജിൽ 13.09.2018 വൈകുന്നേരം 5 മണിക്കകം തിരികെ പ്രവേശിക്കാൻ അവസരമുണ്ട്. ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഷെഡ്യൂൾ പ്രകാരം ബി.ഡി.എസ് കോഴ്സിലെ പ്രവേശനം സെപ്റ്റംബർ 15 ന് പൂർത്തികരിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ വിദ്യാർത്ഥികളിൽ ബി.ഡി.എസ് കോഴ്സിൽ 13.09.2018 വൈകുന്നേരം 5 മണിയ്ക്ക് മുൻപായി അതാത് കോളേജുകളിൽ ഹാജരായി തിരികെ പ്രവേശനം നേടാത്തവർക്ക് ബി.ഡി.എസ് കോഴ്സിൽ നിലനിർത്തിയിരുന്ന അഡ്മിഷൻ റദ്ദായതായി കണക്കാക്കി അപ്രകാരം വരുന്ന ഒഴിവുകൾ പുതുക്കിയ കൗൺസലിംഗിലൂടെ 14.09.2018-ന് നികത്തുന്നതുമായിരിക്കും. ഇപ്രകാരം ഉണ്ടായേക്കാവുന്ന ഒഴിവുകൾ നികത്തുന്നതിനുള്ള മോപ്പ്-അപ്പ് കൗൺസലിംഗ് **14.09.2018 (വെള്ളിയാഴ്ച) രാവിലെ 11 മണിയ്ക്ക് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ഓഡിറ്റോറിയത്തിൽ** വച്ച് നടത്തുന്നതാണ്. പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നതിനായി എല്ലാ ദന്തൽ കോളേജ് അധികാരികളും മോപ്പ്-അപ്പ് കൗൺസലിംഗ് കേന്ദ്രത്തിൽ സന്നിഹിതരായിരിക്കുന്നതാണ്.

**മോപ്പ്-അപ്പ് കൗൺസലിംഗിനുള്ള നിബന്ധനകൾ**

1) വിദ്യാർത്ഥികൾ നേരത്തേ ഓൺലൈനായി സമർപ്പിച്ചിരുന്ന ഓപ്ഷനുകൾ പരിഗണിക്കുന്നതല്ല. നേരത്തേ ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കാത്തവർക്കും ഈ മോപ്പ്-അപ്പ് കൗൺസലിംഗിൽ പങ്കെടുക്കാം.

2) ഒരു സർക്കാർ ദന്തൽ കോളേജിൽ ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സർക്കാർ ദന്തൽ കോളേജിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല.

3) ഒരു സ്വാശ്രയ ദന്തൽ കോളേജിൽ ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സ്വാശ്രയ ദന്തൽ കോളേജിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല.

4) ഒരു സ്വാശ്രയ ദന്തൽ കോളേജിൽ ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ ദന്തൽ കോളേജുകളിലേയ്ക്ക് മാറ്റം അനുവദിക്കുന്നതാണ്.

5) മോപ്പ്-അപ്പ് കൗൺസലിംഗിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ ഡാറ്റാ ഷീറ്റ് ഹാജരാക്കേണ്ടതാണ്.

**ഫീസ് സംബന്ധിച്ച വിവരങ്ങളും ഒടുക്കേണ്ട വിധവും:**

മോപ്പ്-അപ്പ് കൗൺസലിംഗിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ താഴെപ്പറയുന്ന ഫീസ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയി എടുത്ത് കൗൺസലിംഗ് വേളയിൽ ഹാജരാക്കേണ്ടതാണ്.

1) സർക്കാർ ദന്തൽ കോളേജുകളിൽ ബി.ഡി.എസ് കോഴ്സിന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ– **23,000/- രൂപ**

2) സ്വാശ്രയ ദന്തൽ കോളേജുകളിൽ ഗവൺമെന്റ്/മൈനോരിറ്റി/എൻ.ആർ.ഐ ക്വാട്ടയിൽ ബി.ഡി.എസ് കോഴ്സിന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ– **3 ലക്ഷം രൂപ.**

3) ബി.ഡി.എസ്. കോഴ്സിൽ പ്രവേശനം ലഭിക്കുന്ന എസ്.സി./ എസ്.റ്റി./ ഒ.ഇ.സി/ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും - **1,000/-രൂപ.**

4) ഇതിനോടകം മെഡിക്കൽ & അനുബന്ധ കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ച് ഫീസിനത്തിൽ വിദ്യാർത്ഥികൾ ഏതെങ്കിലും തുക പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കിയിട്ടുള്ള പക്ഷം മേൽപ്പറഞ്ഞ തുകയിൽ നിന്നും പ്രസ്തുത തുക കഴിച്ച് ബാക്കി തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് സമർപ്പിച്ചാൽ മതിയാകും.

**കുറിപ്പ്:** അപേക്ഷകരില്ലാതെ എൻ.ആർ.ഐ ക്വാട്ടയിൽ ഒഴിവുകൾ ഉള്ള പക്ഷം അവയിലേയ്ക്ക് പുതുതായി എൻ.ആർ.ഐ രേഖകൾ സമർപ്പിക്കുന്ന അപേക്ഷകരെ പരിഗണിക്കുന്നതാണ്. KEAM-2018 റാങ്ക് ലിസ്റ്റിൽ നിന്നും അപേക്ഷകർ ലഭ്യമാകാതെ സീറ്റുകൾ ഒഴിവുവരുന്ന പക്ഷം നീറ്റ് യോഗ്യത നേടിയതും KEAM-2018 റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാത്തതുമായ അപേക്ഷകരെ പരിഗണിക്കുന്നതാണ്. (വിശദ വിവരങ്ങൾക്ക് മോപ്പ്-അപ്പ് കൗൺസലിംഗ് സംബന്ധിച്ച 01.09.2018 ലെ പുതുക്കിയ വിജ്ഞാപനം കാണുക).

ഹെൽപ്പ് ലൈൻ നമ്പരുകൾ: 0471 2332123, 2339101, 2339102, 2339103, 2339104

തിരുവനന്തപുരം
12.09.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**